# കേരള കാർഷിക സർവ്വകലാശാല

ഡയറക്ടറേറ്റ് ഓഫ് ഫിസിക്കൽ പ്ലാന്റ്, കെ.എ.യു പി.ഒ, വെള്ളാനിക്കര, തൃശ്ശൂർ - 680 656

e-mail dpp@kau.in Phone No. 0487-2438155


എ8/2653/21(i)

തീയതി.23.06.2023

## ലേല / ദർഘാസ് പരസ്യം

കേരള കാർഷിക സർവ്വകലാശാല രജിസ്ട്രാറുടെ ഉടമസ്ഥതയിലുള്ള താഴെ പറയുന്ന വാഹനങ്ങൾ ഇപ്പോൾ നിലവിലുള്ള അവസ്ഥയിൽ ദർഘാസ് സ്വീകരിച്ച് പരസ്യമായി ലേലം ചെയ്യുന്നു.

| ക്രമ നമ്പർ | വാഹനത്തിന്റെ വിവരം | നിരതദ്രവ്യം | ലേല സ്ഥലം | ലേല തീയതിയും സമയവും |
|---|---|---|---|---|
| 1 | KL 08 N 3682 അംബാസഡർ കാർ (1999 Model) | 3,000/- | KCAET, തവനൂർ | 13/07/2023, 11.00 AM |
| 2 | KL 08 G 1865 ടെമ്പോട്രാവലർ (1996 Model) | 7,500/- | KCAET, തവനൂർ | 13/07/2023, 11.00 AM |
| 3 | KL 08 B 4098 മഹീന്ദ്ര ജീപ്പ് (1992 Model) | 3,000/- | KCAET, തവനൂർ | 13/07/2023, 11.00 AM |
| 4 | KL 08 J 3999 മഹീന്ദ്ര ജീപ്പ് (1996 Model) | 3,500/- | Academic Block I Kerala Agricultural University Headquarters, vellanikkara | 14/07/2023, 11.00 AM |

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേല ദിവസം ലേല സ്ഥലത്ത് ഹാജരാകേണ്ടതും ലേലം തുടങ്ങുന്നതിന് ഒരു മണിക്കൂർ മുമ്പ് അതാത് വാഹനങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ള നിരതദ്രവ്യം അടച്ച് ടോക്കൺ വാങ്ങേണ്ടതുമാണ്. ടി വാഹനങ്ങളുടെ വിൽപ്പനയ്ക്ക് ദർഘാസുകൾ സ്വീകരിക്കുന്നതാണ്. സീൽ ചെയ്ത കവറിൽ ദർഘാസുകൾ നേരിട്ടോ തപാൽ മുഖേനയോ 'ഡയറക്ടർ ഓഫ് ഫിസിക്കൽ പ്ലാന്റിന്റെ' കാര്യാലയത്തിൽ സ്വീകരിക്കുന്നതാണ്. തവനൂരിൽ വെച്ച് നടക്കുന്ന ലേലത്തിന്റെ ദർഘാസുകൾ ലേല തീയതിയ്ക്ക് ഒരു ദിവസം മുൻപ് വരേയും, വെള്ളാനിക്കരയിൽ വെച്ച് നടക്കുന്ന ലേലത്തിന്റേത് ഒരു മണിക്കൂർ മുൻപ് വരെ ഡി.പി.പിയുടെ ഓഫീസിലും സ്വീകരിക്കുന്നതാണ്. കേളപ്പജി കോളേജ് ഓഫ് അഗ്രിക്കൾച്ചറൽ എഞ്ചിനീയറിംഗ് ആന്റ് ടെക്നോളജി, തവനൂരിൽ നടക്കുന്ന ലേലത്തിൽ പങ്കെടുക്കുന്ന ദർഘാസുകൾ ലേല സമയത്തിന് മുൻപ് കേന്ദ്രം മേധാവിക്ക് അല്ലെങ്കിൽ ഡയറക്ടർ ഓഫ് ഫിസിക്കൽ പ്ലാന്റ് ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥന് നേരിട്ട് നൽകാവുന്നതാണ്. ദർഘാസിനൊപ്പം ഓരോ വാഹനത്തിനും നിരതദ്രവ്യം മേൽ പറഞ്ഞ നിരക്കിൽ ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നും 'ഡയറക്ടർ ഓഫ് ഫിസിക്കൽ പ്ലാന്റിന്റെ' പേരിൽ വാങ്ങിയതും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ കാർഷിക സർവ്വകലാശാല ബ്രാഞ്ചിൽ മാറാവുന്നതുമായ ഡി.ഡി വയ്ക്കേണ്ടതാണ്. , കവറിനുമുകളിൽ 'വാഹന ലേലത്തിനുള്ള ദർഘാസ് ......................(വാഹന രജിസ്ട്രേഷൻ നമ്പർ)' എന്ന് വ്യക്തമായി എഴുതിയിരിക്കണം. ഓരോ വാഹനത്തിനും പ്രത്യേകം ദർഘാസും നിരതദ്രവ്യവും നൽകേണ്ടതാണ്. ഒരു വാഹനത്തിന്റെ ലേലത്തിലും ദർഘാസിലും പങ്കെടുക്കുന്നതിന് ഒരു തവണ മാത്രം നിരതദ്രവ്യം അടച്ചാൽ മതിയാകുന്നതാണ്. പരസ്യലേലം അവസാനിച്ചാലുടൻ ദർഘാസുകൾ ലേലക്കാരുടെ സാനിധ്യത്തിൽ തുറക്കുന്നതും ലേലത്തിലോ ദർഘാസിലോ ഏതിലാണോ കൂടുതൽ തുക കാണുന്നത് ആ തുകയ്ക്ക് വിൽപ്പന സ്ഥിരപ്പെടുത്തുന്നതുമാണ്. ലേലം സ്ഥിരപ്പെടുത്തി ലഭിക്കുന്ന വ്യക്തികൾ 18% ജി.എസ്.ടി ഉൾപ്പെടെ ലേലം / ദർഘാസ് തുക മുഴുവനായും ലേല സ്ഥലത്ത് വെച്ച് തന്നെ അടയ്ക്കേണ്ടതാണ്. കൂടാതെ

വാഹനത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതും / ഉടമസ്ഥാവകാശം മാറ്റുന്നതിനുമുള്ള നടപടിക്രമങ്ങൾക്ക് ആവശ്യമായ രേഖകൾ (ആധാർ, പാൻ etc) നൽകേണ്ടതും ആയതിനുള്ള ചെലവ് പ്രസ്തുത ദിവസം / ഡി.പി.പി നിർദ്ദേശിക്കുന്ന തീയതിയിൽ തന്നെ ഡി.പി.പിയുടെ കാര്യാലയത്തിൽ അടയ്ക്കേണ്ടതുമാണ്. ലേലം / ദർഘാസ് സ്ഥിരപ്പെടുത്തിയ ഉത്തരവ് കിട്ടി 15 ദിവസത്തിനകം വാഹനം സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും കൊണ്ടുപോവേണ്ടതാണ്.

ലേലം കൊണ്ടയാൾ മേൽ പറഞ്ഞ നിബന്ധനകൾ ലംഘിച്ചാൽ അടച്ച നിരതദ്രവ്യം സർവ്വകലാശാലയിലേക്ക് മുതൽക്കൂട്ടുന്നതും വാഹനം പുനർലേലം ചെയ്യുന്നതുമാണ്. പുനർലേലത്തിൽ സർവ്വകലാശാലയ്ക്ക് എന്തെങ്കിലും നഷ്ടം വന്നാൽ ആയതിന് മുൻലേലക്കാരൻ ഉത്തരവാദിയാകുന്നതും ആയത് ടിയാനിൽ നിന്നും ഈടാക്കുന്നതുമാണ്. എന്നാൽ പുനർലേലത്തിൽ കൂടുതൽ തുക ലഭിച്ചാൽ ആയതിന് ടിയാൻ അർഹനായിരിക്കുന്നതല്ല.

ലേലം ചെയ്യപ്പെടുന്ന വാഹനങ്ങൾ പരിശോധിക്കണമെന്നുള്ളവർക്ക് ലേലതീയതിക്ക് തൊട്ടുമുൻപുള്ള പ്രവർത്തി ദിനങ്ങളിൽ രാവിലെ 10 മുതൽ വൈകുന്നേരം 5 മണി വരെയുള്ള സമയത്ത് വാഹനം സൂക്ഷിച്ചിട്ടുള്ള കേന്ദ്രം മേധാവിയുടെ അനുമതിയോടെ പരിശോധിക്കാവുന്നതാണ്. വാഹനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾ താഴെ പറയുന്ന ഫോൺ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

1) 0487 - 2438626 ( അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസ്, മെക്കാനിക്കൽ സബ് ഡിവിഷൻ, വെള്ളാനിക്കര)
2) 8281573155 (ഡി.പി.പി ഓഫീസ്)
3) 0494 - 2686214 (കേളപ്പജി കോളേജ് ഓഫ് അഗ്രിക്കൾച്ചറൽ എഞ്ചിനീയറിംഗ് ആന്റ് ടെക്നോളജി, തവനൂർ)
4) 0494 – 2968258(എഞ്ചിനീയറിംഗ് ഡിവിഷൻ, തവനൂർ)

ലേലം സംബന്ധിച്ച അന്തിമ തീരുമാനം എടുക്കുന്നതിനും, യാതൊരുകാരണവും കൂടാതെ ഈ നോട്ടീസ് പ്രകാരമുള്ള ലേലം / ദർഘാസ് നടപടികൾ മാറ്റിവെയ്ക്കുകയോ അസ്ഥിരപ്പെടുത്തുകയോ ചെയ്യുവാനുമുള്ള പൂർണ്ണ അധികാരം ഡി.പി.പിയിൽ നിക്ഷിപ്തമാണ്.

ഡയറക്ടർ ഓഫ് ഫിസിക്കൽ പ്ലാന്റ്(i/c)

പകർപ്പ് : നോട്ടീസ് ബോർഡ് / കേരള അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റി വെബ്സൈറ്റ് / എല്ലാ സർവ്വകലാശാല കേന്ദ്രങ്ങളിലേക്കും.

N.N.24.06.2023